# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 338** **18.10.2016- ൽ മറുപടിക്ക്**

### കൈത്തറി/നെയ്ത്ത് തൊഴിലാളികളുടെ മിനിമം വേതനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.ഒ.ആർ.കേളു | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കൈത്തറി/നെയ്ത്ത് തൊഴിലാളികളുടെ മിനിമം വേതനം വർദ്ധിപ്പിച്ച് നൽകാൻ തീരുമാനമായിട്ടുണ്ടോ;നെയ്ത്ത് തൊഴിലാളികൾക്ക് വർഷത്തിൽ 300 ദിവസമെങ്കിലും തൊഴിൽ നൽകാൻ പദ്ധതിയുണ്ടോ എന്നറിയിക്കുമോ; | (എ) കൈത്തറി/നെയ്ത്ത് തൊഴിലാളികളുടെ മിനിമം വേതനം 2012 ലാണ് 150 രൂപയായി വർദ്ധിപ്പിച്ചത്. മിനിമം വേതനം 150 രൂപയിൽ നിന്ന് വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നെയ്ത്ത് തൊഴിലാളികൾക്ക് വർഷത്തിൽ 300 ദിവസമെങ്കിലും തൊഴിൽ നൽകാൻ നിലവിൽ പദ്ധതികൾ ഇല്ല. എന്നാൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാൻ 1-ാം ക്ലാസ്സു മുതൽ 8-ാം ക്ലാസ്സ വരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകുന്ന പദ്ധതി പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) കൈത്തറി സഹകരണ സംഘങ്ങൾക്ക് മുൻ സർക്കാർ റിബേറ്റ് കുടിശ്ശിക വരുത്തിയിരുന്നോ; എങ്കിൽ എത്ര തുകയെന്ന് വെളിപ്പെടുത്താമോ; | (ബി) മുൻസർക്കാരിന്റെ കാലത്ത് (2015-16) പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് 15.90 കോടി രൂപയും ഹാന്റക്സിന് 7.62 കോടി രൂപയും ഉൾപ്പെടെ ആകെ 23.52 കോടി രൂപ റിബേറ്റ് കുടിശ്ശിക ഉണ്ടായിരുന്നു. |
| (സി) മുൻ വർഷത്തെ കുടിശ്ശിക നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;ഈ വർഷം നൽകാനുള്ള തുക മുഴുവനും യഥാസമയം തന്നെ കൊടുത്ത് തീർത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) മുൻ വർഷത്തെ കുടിശ്ശിക നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷത്തെ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി വരുന്നു. ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായ 532.41 ലക്ഷം രൂപയിൽ നിന്നും ഇതുവരെ 481.98 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ